**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നമ്പർ.622 — 29/01/2019 ൽ മറുപടിയ്ക്ക്

**പ്രളയക്കെടുതിയിൽപ്പെട്ട സഹകാരികൾക്കുള്ള പദ്ധതികൾ**

| | ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | സഹകരണമേഖലയിലെ പ്രളയക്കെടുതിയിൽപ്പെട്ട സഹകാരികൾക്ക് പുത്തൻ പ്രതീക്ഷ നൽകുന്ന എന്തൊക്കെ പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ; | എ) | പ്രളയ ബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ കേരള (CARe Kerala – Co-operative Alliance to Rebuild Kerala) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കെയർ ഹോം (CARe Home), കെയർ ലോൺ (CARe Loan), കെയർ ഗ്രേസ് (CARe Grace) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ സഹകാരികൾക്ക് അവരുടെ കുടിശ്ശിക വായ്പയിന്മേൽ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിൽ പലിശ-യിളവ് ലഭിക്കുന്നതിനായി കുടിശ്ശിക നിവാരണം പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.<br><br>പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോ-പാധികൾ നേടുന്നതിനുമായി സമയ-ബന്ധിതമായും വേഗത്തിലും ധനസഹായം ലഭ്യമാക്കുന്നതിന് RESURGENT KERALA LOAN |

| | | | |
|---|---|---|---|
| | | | SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്.<br>സർക്കാർ പ്രഖ്യാപിച്ച ഒറ്റപ്രാവശ്യത്തെ ആശ്വാസ ധനമായ 10,000/- രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനായി സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ കെയർലോൺ എന്ന പേരിലുള്ള വായ്പ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കി വരുന്നു.<br>പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace).<br>കൂടാതെ പ്രളയത്തിൽ സർക്കാർ പ്രളയ ബാധിത/ ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു വായ്പാ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ വായ്പ തിരിച്ചടവിന് പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കൂടുതൽ കാലാവധി അനുവദിക്കുന്നതിനും പിഴപലിശ ഒഴിവാക്കുന്നതിനും പലിശയിൽ ഇളവ് നൽകുന്നതിനും നടപടി | ബി) | സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കൃഷിയിറക്കിയ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ തീയതി 15.10.2018 പ്രകാരം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്). പ്രളയബാധിത പ്രദേശമായി സർക്കാർ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ എന്നറിയിക്കാമോ? | | പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതാണ്. മോറട്ടോറിയം കാലാവധിയിലെ പിഴപ്പലിശ ഈടാക്കുന്നതല്ല. കൂടാതെ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളിന്മേലുള്ള മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ജി(2)16977/18

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 15.10.18

**സർക്കുലർ.നമ്പർ. 51/18**

| | |
|---|---|
| വിഷയം | സഹകരണ വകുപ്പ് - സംസ്ഥാനത്തെ മഴക്കെടുതി- കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം അനുവദിച്ച് സർക്കലർ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച് |
| സൂചന | 1) സർക്കാറിന്റെ 18.08.18 ലെ സ.ഉ(കൈ) 32/2018/സഹ നമ്പർ ഉത്തരവ്.<br>2) 20.08.18 ൽ നടന്ന സംസ്ഥാന തല ബാങ്കിംഗ് സമിതിയുടെ തീരുമാനം (3.09.18 ലെ SLBC 35 117 2018 NK നമ്പർ കത്ത്)<br>3)സർക്കാറിന്റെ 29.08.18 ലെ ജി.ഒ(പി) 04/2018/ഡി എം ഡി നമ്പർ ഉത്തരവ്. |

സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി, പ്രളയബാധിത പ്രദേശമായി ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗരേഖ പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മോറട്ടോറിയം അനുവദിക്കുവാൻ സംസ്ഥാന/ജില്ലാതല ബാങ്കിംഗ് സമിതി വിളിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുള്ള കാർഷിക കടങ്ങൾക്ക് സഹകരണ ബാങ്കുകളും സമാനനടപടികൾ സ്വീകരിക്കണമെന്നും പരാമർശം(1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പരാമർശം(2) പ്രകാരമുള്ള സംസ്ഥാന തല ബാങ്കിംഗ് സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നു. ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രളയബാധിത പ്രദേശമായി പരാമർശം(3) പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

- മോറട്ടോറിയം കാലാവധിയിലെ പിഴപലിശ ഈടാക്കുവാൻ പാടില്ലാത്തതാണ്.

- മോറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് ന് മോറട്ടോറിയം കാലാവധിക്ക് ശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട്

ഉപയോഗിച്ച നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തുകൊടുക്കാവുന്നതാണ്.

- എല്ലാ ജനറൽ വിഭാഗ ജോയിന്റ് രജിസ്ട്രാർമാരും ആഡിറ്റ് വിഭാഗ ജോയിന്റ് ഡയറക്ടർമാരും സർക്കുലർ നിർദ്ദേശം നടപ്പിലാക്കുന്നത് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
എസ്സ്.ഷാനവാസ്സ്.ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1) സഹകരണ ആഡിറ്റ് ഡയറക്ടർ
2) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)
3)എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)
4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
6) എല്ലാ ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്
7) എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
8) സ്റ്റോക്ക് ഫയൽ
9) സ്പെയർ

അംഗീകാരത്തോടെ

അസിസ്റ്റന്റ് രജിസ്ട്രാർ(മാർക്കറ്റിംഗ്)

Attested

HAMID. T.K
SECTION OFFICER
CO-OPERATION (A) DEPARTMENT
GOVERNMENT SECRETARIAT
THIRUVANANTHAPURAM